**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1431** **28-07-2021 - ൽ മറുപടിയ്ക്ക്**

**പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | വിമാനയാത്രാവിലക്ക് മൂലം തൊഴിൽ നഷ്ടപ്പെട്ട പ്രവാസികളുടെ വിവരങ്ങൾ സർക്കാരിന്റെ കൈവശമുണ്ടോ; | (എ) | കൃത്യമായ കണക്ക് ലഭ്യമായിട്ടില്ല. |
| (ബി) | ഈ വിഷയത്തിൽ കേന്ദ്രസർക്കാർ എന്തെങ്കിലും ഇടപെടൽ നടത്തിയതായി അറിയാമോ; | (ബി) | വിദേശ രാജ്യങ്ങളിലേക്ക് തിരിച്ച് പോകാനാകാതെ കേരളത്തിൽ കുടുങ്ങിക്കിടക്കുന്ന മലയാളി പ്രവാസികളിൽ 72 മണിക്കൂറിനകത്ത് RTPCR ടെസ്റ്റ് നെഗറ്റീവ് ആയവർക്ക് തൊഴിലിടങ്ങളിലേക്ക് തിരികെ പോകുന്നതിന് നയതന്ത്ര ചാനൽ ഉപയോഗപ്പെടുത്തി പ്രശ്നപരിഹാരം കാണുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ കേന്ദ്ര വിദേശകാര്യ സെക്രട്ടറിയോടും കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് സെക്രട്ടറിയോടും സംസ്ഥാന ഗവൺമെൻറ് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിൽ നിന്ന് ഇതുവരെ മറുപടി ലഭ്യമായിട്ടില്ല. |
| (സി) | സംസ്ഥാന സർക്കാർ ഈ വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ ഈ വിഷയത്തിൽ നടപടി സ്വീകരിക്കുകയുണ്ടായോ; | (സി) | വിദേശ രാജ്യങ്ങളിലേക്ക് തിരിച്ച് പോകാനാകാതെ കേരളത്തിൽ കുടുങ്ങിക്കിടക്കുന്ന മലയാളി പ്രവാസികളിൽ 72 മണിക്കൂറിനകത്ത് RTPCR ടെസ്റ്റ് നെഗറ്റീവ് ആയവർക്ക് തൊഴിലിടങ്ങളിലേക്ക് തിരികെ പോകുന്നതിന് നയതന്ത്ര ചാനൽ ഉപയോഗപ്പെടുത്തി പ്രശ്നപരിഹാരം കാണുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ കേന്ദ്ര വിദേശകാര്യ സെക്രട്ടറിയോടും കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് സെക്രട്ടറിയോടും സംസ്ഥാന ഗവൺമെൻറ് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിൽ നിന്ന് ഇതുവരെ മറുപടി ലഭ്യമായിട്ടില്ല. |
| (ഡി) | വിദേശരാജ്യങ്ങളിൽ, പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ കഴിയുന്ന രോഗികളായ മലയാളികൾക്ക് വിമാനയാത്രാവിലക്ക് മൂലം മരുന്നുകൾ ലഭ്യമാകുന്നത് മുടങ്ങിയത് | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . DHLകൊറിയർ സർവീസ്, കാർഗോ എന്നിവയുടെ സഹകരണത്തോടെ പ്രവാസികൾക്ക് വേണ്ട അവശ്യമരുന്നുകൾ കുറഞ്ഞ ചെലവിൽ എത്തിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവാസികൾക്ക് അവശ്യ മരുന്നുകൾ ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാമോ; വ്യക്തമാക്കാമോ? | | ഏർപ്പെടുത്തി. കൂടാതെ, ലോക കേരളസഭയുടെയും വിദേശരാജ്യങ്ങളിലെ പ്രവാസി സംഘടനകളുടെയും നേതൃത്വത്തിൽ വിദേശ രാജ്യങ്ങളിൽ രൂപീകരിച്ച നോർക്ക ഹെൽപ്പ് ഡെസ്കുകൾ മുഖാന്തിരവും സാധ്യമായ എല്ലാ സഹായങ്ങളും ലഭ്യമാക്കിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ